പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ പഠന പദ്ധതി

*18 [48] ശ്രീ. കെ. രാധാകൃഷ്ണൻ :
,, വി. കെ. ചന്ദ്രൻ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ പഠന പദ്ധതിയിൽ ക്രമക്കേട് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തെ തുടർന്ന് എന്തു നടപടി സ്വീകരിച്ചു;

(സി) ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള പ്രസ്തുത കംപ്യൂട്ടർ പഠനത്തിന് എന്ത് തുക ചെലവഴിച്ചുവെന്നും പദ്ധതിയുടെ നടത്തിപ്പ് ആരുടെ നേതൃത്വത്തിലായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(ഇ) പരിശീലനത്തിന് ഈ സ്ഥാപനങ്ങളെ കണ്ടെത്തിയത് എന്ത് നടപടി ക്രമത്തിലൂടെയാണ്;

(എഫ്) ഇതിൽ ഓരോ സ്ഥാപനവും എത്ര വിദ്യാർത്ഥികൾക്ക് ഇതിനോടകം പരിശീലനം കൊടുത്തുവെന്നും ഈ സ്ഥാപനങ്ങൾക്ക് ഓരോന്നിനും ഇതിനകം എന്ത് തുക നൽകിയെന്നും അറിയിക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്.

(ബി) വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ കൂടുതൽ അന്വേഷണം ആവശ്യമുണ്ടെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഡയറക്ടറെ മാറ്റി നിർത്തി ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു.

(ഡി) വകുപ്പിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ്) ഉപയോഗിച്ച് താഴെ കാണിച്ചിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

2001-2002 - 81.53 ലക്ഷം

2002-2003 - 815.00 ലക്ഷം. ഡയറക്ടറുടെ നേതൃത്വത്തിലായിരുന്നു പദ്ധതി നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കംപ്യൂട്ടർ പരിശീലനം നൽകുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ ക്ഷണിച്ചുകൊണ്ട് ഡയറക്ടർ പത്ര പരസ്യം നൽകുകയും അതിലൂടെ ലഭ്യമായ സ്ഥാപനങ്ങളിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗ്യതാ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യോഗ്യമെന്ന് ഡയറക്ടർക്ക് ബോധ്യമായ സ്ഥാപനങ്ങളെ പരിശീലനത്തിന് അദ്ദേഹം തിരഞ്ഞെടുക്കുകയും ചെയ്തു.

(എഫ്) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഓരോ സ്ഥാപനവും പരിശീലനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.† മേൽ പറഞ്ഞ കണക്കുകളുടെ കൃത്യത വിജിലൻസ് അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളു.

അനിയന്ത്രിത മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി

*19 [49] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനിയന്ത്രിത മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായി ലൈസൻസ് നൽകുവാൻ കേന്ദ്ര കൃഷി മന്ത്രാലയം നടപടികളാരംഭിച്ചിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കടൽ സമ്പത്ത് പാടെ ഇല്ലാതാക്കാൻ ഇട്ടയാക്കുന്ന ഈ നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) 1980-ലെ കേരള കടൽ മത്സ്യബന്ധന നിയ്ര ണ നിയമമനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

2002-2003-ൽ കംപ്യൂട്ടർ പരിശീലനത്തിന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളും കുട്ടികളുടെ എണ്ണവും ചെലവഴിച്ച തുകയും

	സ്ഥാപനം	കുട്ടികളുടെ എണ്ണം	തുക (ലക്ഷം)
തിരുവനന്തപുരം			
1.	ബി.എസ്.എസ്. (ER & DCI)	100	5.6
2.	ഇ.റ്റി.ആന്റ് റ്റി. (ET & T)	75	3.75
3.	ഇ-ലൈഫ് (CEDTI)	50	0.75
4.	എസ്.ഇ. ആർ.ഡി. എസ്., അളഗപ്പ യൂണിവേഴ്സിറ്റി	34	0.40
കൊല്ലം			
5.	ബി.എസ്.എസ്., കൊല്ലം (ER & DCI)	170	23.84
6.	ബി.എസ്.എസ്. കൊട്ടാരക്കര (ER & DCI)	100	18.22
7.	പ്രശാന്ത്, കൊല്ലം (C-DAC)	188	11.72
8.	ടാലന്റ് ഐ.റ്റി.സി., കൊല്ലം (ECIT)	180	11.25
9.	ഇ.റ്റി. ആന്റ് റ്റി., കൊട്ടാരക്കര (ET & T)	741	66.17
10.	ഇ.റ്റി. ആന്റ് റ്റി., ശാസ്താംകോട്ട (ET & T)	735	70.00
11.	ഇ.റ്റി. ആന്റ് റ്റി., കൊല്ലം (ET & T)	90	10.00
12.	കാംഗ്സ്, കൊട്ടാരക്കര (C-DAC)	170	8.70
13.	ബീറ്റ്സ് സ്ട്രീം, അഞ്ചൽ (ER & DCI)	420	45.00
14.	ട്രിനിറ്റി, കരുനാഗപ്പള്ളി (C-DAC)	180	8.60
15.	സി.എഡ്.ഇ., കരുനാഗപ്പള്ളി (ER & DCI)	175	8.25
16.	നാഷണൽ, ശാസ്താംകോട്ട (C-DAC)	185	8.70
പത്തനംതിട്ട			
17.	ഇ.റ്റി. ആന്റ് റ്റി., പത്തനംതിട്ട (ET & T)	916	32.60
18.	ഇ.റ്റി. ആന്റ് റ്റി., റാന്നി (ET & T)	366	22.37
ആലപ്പുഴ			
19.	ഇ.റ്റി. ആന്റ് റ്റി., ചെങ്ങന്നൂർ (ET & T)	739	36.08
20.	ഇ.റ്റി. ആന്റ് റ്റി., കായംകുളം (ET & T)	341	16.59
21.	സി-ഡി.എ.സി., ചെങ്ങന്നൂർ (C-DAC)	195	3.74
22.	സി-ഡി.എ.സി., മാവേലിക്കര (C-DAC)	215	3.56

LIBRARY ARCHIVES Kerala Legislative Assembly

	സ്ഥാപനം	കുട്ടികളുടെ എണ്ണം	തുക (ലക്ഷം)
കോട്ടയം			
23.	ഇ.റ്റി. ആന്റ് റ്റി., കോട്ടയം (ET & T)	530	37.00
24.	ഇ.റ്റി. ആന്റ് റ്റി., ചങ്ങനാശ്ശേരി (ET & T)	565	35.00
25.	ഇ.റ്റി. ആന്റ് റ്റി., പൊൻകുന്നം (ET & T)	606	38.00
ഇടുക്കി			
26.	ഇ.റ്റി. ആന്റ് റ്റി., തൊടുപുഴ (ET & T)	986	52.00
27.	ഇ.റ്റി. ആന്റ് റ്റി., അടിമാലി (ET & T)	791	41.00
28.	ഇ.റ്റി. ആന്റ് റ്റി., കട്ടപ്പന (ET & T)	127	7.00
29.	ഇ.റ്റി. ആന്റ് റ്റി., നെടുങ്കണ്ടം (ET & T)	127	7.00
എറണാകുളം			
30.	ഇ.റ്റി. ആന്റ് റ്റി., തൃപ്പൂണിത്തുറ (ET & T)	2766	91.00
31.	ഇ.റ്റി. ആന്റ് റ്റി., വടക്കൻ പറവൂർ (ET & T)	1215	36.00
തൃശൂർ			
	ഇല്ല		
പാലക്കാട്			
32.	സി-ഡി.എ.സി. (C-DAC)	91	2.85
മലപ്പുറം			
33.	ആർ. സി. ഇ. മലപ്പുറം	140	13.48
കോഴിക്കോട്			
34.	ഇ.റ്റി. ആന്റ് റ്റി., കോഴിക്കോട് (ET & T)	622	17.10
35.	ഇ.റ്റി. ആന്റ് റ്റി., വടകര (ET & T)	144	7.60
വയനാട്			
36.	ഇ.റ്റി. ആന്റ് റ്റി., കൽപ്പറ്റ (ET & T)	279	10.50

LIBRARY ARCHIVES Kerala Legislative Assembly